ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി അഞ്ച് സംസ്ഥാനങ്ങളിലെ പോലീസ് ഉദ്യോഗസ്ഥരെയും കേന്ദ്രഏജൻസികളെയും ഏകോപിപ്പിച്ച് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല പോലീസ് ആസ്ഥാനത്തു നടത്തിയ യോഗത്തിൽനിന്ന്.

ഓപ്പറേഷൻ തൂഫാൻ രണ്ടാം ഘട്ടം തുടങ്ങുന്നു

സ്വന്തം ലേഖകൻ

തിരുവനന്തപുരം: കേരളത്തിലേക്കുള്ള മയക്കുമരുന്നു വരവ് തടയാൻ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പോലീസ് ഉദ്യോഗസ്ഥരെയും കേന്ദ്ര അന്വേഷണ ഏജൻസികളെയും ഏകോപിപ്പിച്ചും ഓപ്പറേഷൻ തൂഫാന്റെ രണ്ടാംഘട്ടം നടപ്പാക്കാൻ തീരുമാനം. ഓപ്പറേഷൻ തൂഫാനായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പോലീസിലെ എസ്പി റാങ്കിൽ കുറയാത്ത നോഡൽ ഓഫീസറെ നിയോഗിക്കുമെന്ന്, അഞ്ച് സംസ്ഥാനങ്ങളിലെ പോലീസ് ഉദ്യോഗസ്ഥരെയും കേന്ദ്ര ഏജൻസികളെയും ഏകോപിപ്പിച്ച് പോലീസ് ആസ്ഥാനത്തു നടത്തിയ യോഗത്തിനു ശേഷം മാധ്യമ പ്രവർത്തകരെ കണ്ട ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.

ലഹരിവേട്ടയ്ക്കു സ്ഥിരം സംവിധാനമായി ദൗത്യസംഘം രൂപീകരിക്കും. കര-കടൽ-വ്യോമ മാർഗമുള്ള ലഹരിയൊഴുക്ക് തടയും. കേരളത്തെ ലഹരിമുക്ത സംസ്ഥാനമാക്കും. മയക്കുമരുന്നു കേസുകൾ വിചാരണ ചെയ്യാൻ 10 കോടതികൾ ആരംഭിക്കാൻ കേന്ദ്രം വിളിച്ച ഡിജിപിമാരുടെ യോഗത്തിൽ നിർദേശിച്ചിട്ടുണ്ട്. എവിടെയൊക്കെയെന്നു പിന്നീടു തീരുമാനിക്കും. നേരത്തേ പ്രഖ്യാപിച്ച തിരുവനന്തപുരം, എറണാകുളം കോടതികൾ ഉടൻ ആരംഭിക്കും. ഓൺലൈനിലും കൊറിയറിലും ഹോംഡെലിവറിയായും ട്രെയിനുകളിൽ ചെറിയ സ്റ്റേഷനുകളിൽ ഉപേക്ഷിച്ചുമുള്ള ലഹരിക്കടത്തിന്റെ പുതിയ രീതികൾ പോലീസ് കണ്ടെത്തിയിട്ടുണ്ട്.

അർബുദത്തിനുള്ള മരുന്നു പോലും ലഹരിക്കായി ഉപയോഗിക്കുന്നു. ഇതു തടയാൻ ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത ഓപ്പറേഷനുണ്ടാകും. ലഹരിക്കടത്തിന്റെ പുതിയ മാർഗങ്ങൾ കേന്ദ്ര ഏജൻസികളുടെ സഹായത്തോടെ കണ്ടെത്തി തടയും. ലഹരിയുടെ ഉറവിടം കണ്ടെത്തി തകർക്കാനാണ് സംയുക്ത ഓപ്പറേഷൻ.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ ഇന്റലിജൻസ് വിവരങ്ങൾ പരസ്പരം കൈമാറും. സംയുക്ത യോഗങ്ങൾ ഇടയ്ക്കിടെ ചേരും. കർണാടക ആഭ്യന്തരമന്ത്രി 15ന് തിരുവനന്തപുരത്തെത്തും. തമിഴ്നാട്, പുതുച്ചേരി, ആന്ധ്ര, തെലുങ്കാന മുഖ്യമന്ത്രിമാരെ നേരിൽ കാണുമെന്നും മന്ത്രി പറഞ്ഞു.

തമിഴ്നാട് ഡിജിപി മഹേഷ് കുമാർ അഗർവാൾ, പുതുച്ചേരി ഡിജിപി ശാലിനി സിംഗ്, കർണാടക എഡിജിപി ആർ. ഹിതേന്ദ്ര, കസ്റ്റംസ് കമ്മീഷണർ ഡോ.ടി. ടിജു, നാർകോട്ടിക് കൺട്രോൾ ബ്യൂറോ ഡെപ്യൂട്ടി ഡയറക്ടർ ആർ. സുധാകർ, ഐബി ജോയിന്റ് ഡയറക്ടർ ഡോ.കെ. ജോസ്, ഡിആർഐ അഡീഷണൽ ഡയറക്ടർ കെ. പദ്മാവതി, തെലുങ്കാന എസ്പി പി.വി. പദ്മജ, ആന്ധ്ര എസ്പി കെ.എം. മഹേശ്വര രാജു, ആർപിഎഫ് സെക്യൂരിറ്റി കമ്മീഷണർ മുഹമ്മദ് ഹനീഫ്, സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്രശേഖർ, പോലീസ് ഉപദേഷ്ടാവ് എ. ഹേമചന്ദ്രൻ, ഐജിമാരായ പുട്ട വിമലാദിത്യ, ഹർഷിത അട്ടല്ലൂരി തുടങ്ങിയവർ പങ്കെടുത്തു.

ജനം നിയമം കൈയിലെടുക്കരുത്, പോലീസിനെ അറിയിച്ചാൽ മതി: ചെന്നിത്തല

തിരുവനന്തപുരം: ഓപ്പറേഷൻ തൂഫാനുമായി ബന്ധപ്പെട്ട് മയക്കു മരുന്നു കൈവശമുണ്ടെന്നു കരുതി ജനം ആരെയും കൈയേറ്റത്തിനും നിയമം കൈയിലെടുക്കാനും ശ്രമിക്കരുതെന്ന് മന്ത്രി രമേശ് ചെന്നിത്തല. വിരങ്ങളുണ്ടെങ്കിൽ പോലീസിനെ അറിയിക്കുകയാണു വേണ്ടത്. ഇക്കാര്യത്തിൽ ആരും സ്വയം പോലീസ് ചമയാൻ ശ്രമിക്കരുത്.

പെരുമ്പാവൂരിൽ ലഹരി വിൽപന നടത്തിയെന്ന് ആരോപിച്ച് യുവാക്കളെ തല മുണ്ഡനം ചെയ്ത സംഭവം അംഗീകരിക്കാൻ കഴിയില്ലെന്നും മന്ത്രി പറഞ്ഞു.

എൽ നിനോ: മത്തിയുടെ ലഭ്യതയിൽ കുറവുണ്ടായേക്കുമെന്ന് സിഎംഎഫ്ആർഐ

ദേശീയ മത്സ്യകർഷക ദിനം ആചരിച്ചു

കൊച്ചി: സമുദ്ര ഉഷ്ണതരംഗങ്ങൾക്കു കാരണമാകുന്ന എൽ നിനോ പ്രതിഭാസം മൂലം അടുത്ത വർഷം മത്തിയുടെ ലഭ്യതയിൽ വൻതോതിൽ കുറവുണ്ടായേക്കുമെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ).

ഒക്ടോബർ-നവംബർ മാസങ്ങളിൽ ശക്തിപ്പെടുമെന്നു കരുതുന്ന എൽ നിനോയുടെ പ്രത്യാഘാതം ഇന്ത്യൻ മഹാസമുദ്രത്തിൽ അടുത്ത വർഷം ഏപ്രിൽ, മേയ് മാസങ്ങളിൽ പ്രകടമാകുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു. ദേശീയ മത്സ്യകർഷക ദിനത്തിൽ സിഎംഎഫ്ആർഐ സംഘടിപ്പിച്ച മത്സ്യകർഷക സംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ കുറച്ചു വർഷങ്ങളെ അപേക്ഷിച്ച് മത്തിയുടെ ലഭ്യത ഇപ്പോൾ കൂടുതലാണ്. എന്നാൽ, പ്രവചിക്കപ്പെടുന്നതുപോലെ എൽ നിനോ സംഭവിക്കുകയാണെങ്കിൽ അടുത്ത വർഷം മത്തിലഭ്യതയെ സാരമായി ബാധിക്കും.

കടലിലെ താപതരംഗങ്ങളും താപവ്യതിയാനങ്ങളും മത്തി ഉൾപ്പെടെയുള്ള ചെറിയ ഉപരിതല മീനുകളെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. ഇതു രാജ്യത്താകെ സമുദ്രമത്സ്യലഭ്യതയിൽ ഇടിവുണ്ടാകാൻ കാരണമാകുമെന്നും അദ്ദേഹം പറഞ്ഞു.

തുടർച്ചയായ സമുദ്രതാപനം പവിഴപ്പുറ്റുകളുടെ നാശത്തിനും അതുവഴി ചെമ്പല്ലി പോലുള്ള പവിഴപ്പുറ്റുകളെ ആശ്രയിച്ചു കഴിയുന്ന മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനനത്തെയും ലഭ്യതയെയും ബാധിക്കും-സിഎംഎഫ്ആർഐ ഡയറക്ടർ പറഞ്ഞു.

ദേശീയ മത്സ്യകർഷക ദിനാചരണ ചടങ്ങിൽ തീരദേശ മത്സ്യകൃഷി, കൂട് കൃഷി, മത്സ്യ വിത്തുത്പാദനം, പട്ടാളപ്പുഴു ഉപയോഗിച്ചുള്ള ജൈവമാലിന്യ സംസ്കരണവും തീറ്റ നിർമാണവും, മത്സ്യകർഷകർക്കുള്ള സർക്കാർ സബ്സിഡികൾ എന്നിവയെക്കുറിച്ച് സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർ കർഷകർക്കു സാങ്കേതിക മാർഗനിർദേശങ്ങൾ നൽകി.

ഡോ. ഇമെൽഡ ജോസഫ്, ഡോ. ബോബി ഇഗ്നേഷ്യസ്, ഡോ. രമ മധു, ഡോ. ഷോജി ജോസഫ്, ഡോ. പി.പി. സുരേഷ് ബാബു, ഡോ. സാജു ജോർജ്, ഡോ. എ. അനുരാജ്, ഡോ. അംബരീഷ് പി. ഗോപി തുടങ്ങിയവർ സംസാരിച്ചു. കൂടുമത്സ്യ കർഷകർ അനുഭവങ്ങൾ പങ്കുവച്ചു. 250ലേറെ മത്സ്യകർഷകർ പങ്കെടുത്തു.

മത്സ്യകർഷകർ ജാഗ്രത പാലിക്കണം

എൽ നിനോയുടെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്കും കർഷകർക്കുമായി ഈ വർഷംതന്നെ സിഎംഎഫ്ആർഐ പ്രത്യേക ജാഗ്രതാ നിർദേശങ്ങൾ പുറപ്പെടുവിക്കും.

കടുത്ത ചൂടിനും ഉയർന്ന ലവണാംശത്തിനും ശേഷം പെട്ടെന്നുണ്ടാകുന്ന മഴ തീരദേശങ്ങളിലും കായലുകളിലും ലവണാംശം പെട്ടെന്ന് മാറിമറിയുന്നതിന് കാരണമാകും. ഇത് മത്സ്യകൃഷിയെ സാരമായി ബാധിക്കാനിടയുള്ളതിനാൽ തീരദേശ മത്സ്യകർഷകർ മുൻകരുതൽ സ്വീകരിക്കണം.

ധന്യൻ മാർ ഈവാനിയോസ് തീർഥാടന പദയാത്ര തുടങ്ങി

തിരുവനന്തപുരം: ധന്യൻ ആർച്ച്ബിഷപ് മാർ ഈവാനിയോസിന്റെ ഓർമപ്പെരുന്നാളിനോടനുബന്ധിച്ച് നടത്തപ്പെടുന്ന 46-ാമത് തീർഥാടന പദയാത്ര റാന്നി-പെരുന്നാട് കുരിശുമല ദേവാലയത്തിൽനിന്ന് ആരംഭിച്ചു. പദയാത്ര ഇന്നലെ പത്തനംതിട്ടയിൽ സമാപിച്ചു. ഇന്നു രാവിലെ ആരംഭിക്കുന്ന പദയാത്ര അടൂരിൽ എത്തിച്ചേരും. തിരുവല്ലയിൽനിന്നും മൂവാറ്റുപുഴയിൽനിന്നുമുള്ള തീർഥാടകർ പ്രധാന പദയാത്രയോട് ചേരും. ഇന്നലെ രാവിലെ റാന്നി-പെരുനാട് ദേവാലയത്തിൽ നടന്ന സമൂഹബലിക്ക് മലങ്കര കത്തോലിക്കാ സഭാ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ മുഖ്യ കാർമികത്വം വഹിച്ചു. മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് സഭാതല സമിതിയും തിരുവനന്തപുരം പത്തനംതിട്ട ഭദ്രാസന സമിതികളും സംയുക്തമായാണ് പദയാത്രയ്ക്ക് നേതൃത്വം നൽകുന്നത്.

ക്ലോക്ക് ടവർ തകർന്ന സംഭവം

ട്രെയിൻ ഗതാഗതം പൂർവസ്ഥിതിയിലാക്കാൻ തീവ്രശ്രമം

കോഴിക്കോട്: കോഴിക്കോട് റെയിൽവേ സ്റ്റേഷനിലെ തകർന്നുവീണ ക്ലോക്ക് ടവറിന്റെ അവശിഷ്ടങ്ങൾ പൂർണമായും നീക്കി ട്രെയിൻ ഗതാഗതം പൂർണതോതിൽ പുനഃസ്ഥാപിക്കാൻ റെയിൽവേയുടെ തീവ്രശ്രമം. ക്ലോക്ക് ടവറിന്റെ ഒരു വശമാണു വ്യാഴാഴ്ച രാവിലെ തകർന്നുവീണത്. ശേഷിക്കുന്ന ഭാഗം പൂർണമായും പൊളിച്ചുനീക്കിയാലേ ട്രെയിൻ ഗതാഗതം പഴയപടിയിലാക്കാൻ കഴിയൂ. അപകടത്തെത്തുടർന്ന് നാലാം ട്രാക്കിലൂടെ മാത്രമാണ് വ്യാഴാഴ്ച ട്രെയിനുകൾ കടന്നുപോയത്. ഒന്ന്, രണ്ട്, മൂന്ന് ട്രാക്കുകൾ അടച്ചിട്ടു. ട്രെയിൻ സർവീസുകൾ പുനഃക്രമീകരിക്കുകയും ചെയ്തു.

ഇതേത്തുടർന്ന് പല ട്രെയിനുകളും മണിക്കൂറുകൾ വൈകിയാണ് ഓടിയത്. ടവറിന്റെ ശേഷിക്കുന്ന ഭാഗം പൊളിച്ചുനീക്കിത്തുടങ്ങിയതോടെ ഇന്നലെ ഒന്നാം ട്രാക്കിലൂടെയുള്ള സർവീസ് പുനഃസ്ഥാപിച്ചു. ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ടവറിന്റെ ശേഷിക്കുന്ന ഭാഗം മഴയത്ത് തകർന്നുവീഴാൻ സാധ്യതയുള്ളതിനാൽ വ്യാഴാഴ്ച രാത്രി അഗ്നിരക്ഷാസേനയുടെ സഹായം തേടിയിരുന്നു. അഗ്നിരക്ഷാസേന വടംകെട്ടി ടവർ താഴേക്കു വലിച്ചിടാൻ നടത്തിയ ശ്രമം പരാജപ്പെട്ടു.

ഇതേത്തുടർന്ന് ഇന്നലെ രാവിലെ ഇരുമ്പു പൈപ്പുകളുടെ സഹായത്തോടെ ടവറിന്റെ അത്രയും ഉയരത്തിൽ താത്കാലിക ഗോവണി നിർമിച്ച് ഇതരസംസ്ഥാന തൊഴിലാളികൾ അതിൽ കയറി ഘട്ടംഘട്ടമായി ടവർ പൊളിച്ചുനീക്കാൻ തുടങ്ങി.

അവശിഷ്ടങ്ങൾ പൂർണമായി നീക്കി ഇന്നോ നാളെയോ ട്രെയിൻ സർവീസ് പഴയപടിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷയെന്ന് അധികൃതർ പറഞ്ഞു. ഇന്നലെ രാവിലെ മുതൽ ഒന്ന്, നാല് നമ്പർ പ്ലാറ്റ്ഫോമുകളിലൂടെ ട്രെയിനുകൾ തടസമില്ലാതെ കടന്നുപോയതായി കോഴിക്കോട് റെയിൽവേ സ്റ്റേഷൻ മാനേജർ ഹരീഷ് അറിയിച്ചു.

കശുവണ്ടി അഴിമതി: ആർ. ചന്ദ്രശേഖരനെ പുറത്താക്കണമെന്ന് ഒരു വിഭാഗം

തിരുവനന്തപുരം: കശുവണ്ടി അഴിമതിക്കേസിൽ കോടതി വിചാരണയ്ക്കു വിധിക്കപ്പെട്ട ഐഐൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ. ചന്ദ്രശേഖരനെ ഐഎൻടിയുസിയുടെയും കോൺഗ്രസിന്റെയും ഭാരവാഹിത്വത്തിൽനിന്നു പുറത്താക്കണമെന്ന് ഐഎൻടിയുസിയിലെ ഒരു വിഭാഗം നേതാക്കൾ ആവശ്യപ്പെട്ടു. ഐഎൻടിയുസി ദേശീയ നേതൃത്വം ബംഗളൂരുവിൽ കൂടിയ വർക്കിംഗ് കമ്മിറ്റി തീരുമാനം നടപ്പിലാക്കണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു.

ചരിത്രത്തിൽ ആദ്യമായാണ് ഭരണപക്ഷവും പ്രതിപക്ഷവും അഴിമതിക്കാരനായ ഒരാളെ പൂമാലയിട്ട് സ്വീകരിക്കുന്നതെന്നും നേതാക്കൾ വിമർശിച്ചു.

രഞ്ജിത് ശ്രീനിവാസൻ വധക്കേസ്: പി. വിജയഭാനു സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ

കൊച്ചി: ബിജെപി നേതാവും ഒബിസി മോർച്ച സംസ്ഥാന സെക്രട്ടറിയുമായിരുന്ന രഞ്ജിത് ശ്രീനിവാസൻ വധക്കേസിൽ സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടറായി മുതിർന്ന അഭിഭാഷകൻ പി. വിജയഭാനുവിനെ സർക്കാർ നിയമിച്ചു. പ്രതികൾ ഹൈക്കോടതിയിൽ നൽകിയ അപ്പീലിൽ പ്രോസിക്യൂഷനു വേണ്ടി വിജയഭാനു ഹാജരാകും. മുമ്പ് മാറാട് കൂട്ടക്കൊലക്കേസിലും സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിച്ചിരുന്നു.

പി. വിജയൻ ശബരിമല ചീഫ് പോലീസ് കോ-ഓർഡിനേറ്റർ

തിരുവനന്തപുരം: ശബരിമല ചീഫ് പോലീസ് കോ-ഓർഡിനേറ്ററായി ക്രമസമാധാന ചുമതലയുള്ള എഡിജിപി പി. വിജയനെ നിയമിച്ചതായി ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. ശബരിമലയിലെ പോലീസ് നടപടികളുടെ ഏകോപനത്തിനായാണ് വിജയനെ നിയമിച്ചത്. ഇതുസംബന്ധിച്ചു സംസ്ഥാന പോലീസ് മേധാവി വൈകാതെ ഉത്തരവിറക്കും. ശബരിമലയുമായി ബന്ധപ്പെട്ട പരാതികളൊന്നും ലഭിച്ചിട്ടില്ലെന്നും മന്ത്രി പറഞ്ഞു.

പദ്മ പുരസ്കാരങ്ങൾക്ക് 31 വരെ അപേക്ഷിക്കാം

കൊച്ചി: പദ്മ അവാർഡിനുള്ള നോമിനേഷനുകൾ 31 വരെ സമർപ്പിക്കാം. നിർദിഷ്ട മാനദണ്ഡപ്രകാരം ഓൺലൈനായാണു നോമിനേഷനുകൾ സമർപ്പിക്കേണ്ടത്. വിവരങ്ങൾ കേന്ദ്രസർക്കാരിന്റെ www.awards.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രതികാത്മക കൈവശപ്പെടുത്തൽ അറിയിപ്പ്

ICICI Bank | **ബ്രാഞ്ച് ഓഫീസ്: ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്.** 4/10, മൈത്രി ടവ്വർ, ബൊമ്മനഹള്ളി ഹോസൂർ മെയിൻ റോഡ് ബാംഗ്ലൂർ - 560068

ഐസിഐസിഐ ബാങ്കിന്റെ നിയമാനുസരണമുള്ള ഔദ്യോഗിക അധികാരമുപയോഗിച്ച് , സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 പ്രകാരവും ടി ആക്ടിന്റെ 13 (12) ചട്ടം 3 ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 2002 പ്രകാരം ബാങ്കിൽ നിന്നും വായ്പ് എടുത്തവർക്കും ജാമ്യക്കാർക്കും നോട്ടീസിൽ പറയുന്ന തുകയും മറ്റ് ചാർജുകളും സഹിതം നോട്ടീസ് കൈപ്പറ്റി 60 ദിവസത്തിനകം ബാങ്കിൽ അടയ്ക്കാൻ ആവശ്യപ്പെടുന്നു.
എന്നാൽ, വായ്പക്കാർ വായ്പതുക തിരിച്ചടയ്ക്കുന്നതിൽ പരാജയപ്പെട്ടതിനാൽ, മേൽപ്പറഞ്ഞ നിയമത്തിലെ സെക്ഷൻ 13(4) വകുപ്പും ചട്ടങ്ങളിലെ എട്ടാം ചട്ടവും പ്രകാരം താഴെ ഒപ്പിട്ടിരിക്കുന്നയാൾ അയാൾക്ക്/അവർക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് താഴെപ്പറയുന്ന വസ്തു പ്രതീകാത്മകമായി കൈവശപ്പെടുത്തിയതായി വായ്പക്കാർക്കും പൊതുജനങ്ങൾക്കും ഇതിനാൽ മുന്നറിയിപ്പ് അറിയിപ്പ് നൽകുന്നു. വസ്തുവിൽ എന്തെങ്കിലും തരത്തിലുള്ള ഇടപാട് നടത്തിയാൽ ഐസിഐസിഐ ബാങ്ക് ലിമിറ്റഡിന്റെ എല്ലാവിധ ചാർജുകൾക്കും വിധേയമായിരിക്കും.

ക്രമ നമ്പർ	വായ്പക്കാരന്റെ പേര്/ ലോൺ അക്കൗണ്ട് നമ്പർ	പണയവസ്തുവിന്റെ വിവരണം/ പ്രതികാത്മകമായി വസ്തു കൈവശപ്പെടുത്തിയ തീയതി	നോട്ടീസ് അയച്ച തീയതി/ നോട്ടീസ് തീയതി വരെയുള്ള കുടിശിക (തുക)	ബ്രാഞ്ചിന്റെ പേര്
1	ബഷീർ കെ ഖാദീജ എ, ഹംസ കെ & ഖാദീജ എ/ 117351000004	(വായ്പ രേഖ/വസ്തു രേഖയിൽ വിവരിച്ചിരിക്കുന്നത് പോലെ, കേരളം-678595, പാലക്കാട് ജില്ല, മണ്ണാർകാട് താലൂക്ക്, കാരക്കുറിശ്ശി വില്ലേജ്, സർവ്വേ നമ്പർ: 66/10എ യിൽപ്പെട്ട വസ്തു. (വിസ്തീർണം കണക്കാക്കുന്ന ഏര്യ 15 സെന്റ് ഖാദീജ എയുടെ ഉടമസ്ഥതയിൽ, ലൊക്കേഷൻ സ്കെച്ച് പ്രകാരമുള്ള അതിരുകൾ: വടക്ക്; ആമിനയുടെ വസ്തു, തെക്ക്: നൗഷാദിന്റെ വസ്തു, കിഴക്ക്: ആമിനയുടെ വസ്തു, പടിഞ്ഞാറ്: വഴി/ ജൂലൈ 07, 2026.	മാർച്ച് 30, 2026 രൂപ 20,24,313.28/-	മണ്ണാർകാട്

മുകളിൽ പറഞ്ഞിരിക്കുന്ന വായ്പക്കാർ/ജാമ്യക്കാർ എന്നിവർക്ക് വായ്പ തിരിച്ചടയ്ക്കുന്നതിന് 30 ദിവസം നൽകുന്നതാണ്. നോട്ടീസ് പ്രസിദ്ധീകരിച്ച് 30 ദിവസത്തിനുള്ളിൽ വായ്പ തിരിച്ചടച്ചില്ലെങ്കിൽ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) ചട്ടങ്ങൾ 2002 ലെ എട്ട് ഒമ്പത് ചട്ടപ്രകാരം പണയവസ്തു വിൽക്കുന്നതാണ്.

തീയതി: ജൂലൈ 11, 2026
സ്ഥലം: പാലക്കാട്

ആത്മാർഥതയോടെ അംഗീകൃത ഒപ്
ഐസിഐസിഐ ബാങ്ക് ലിമിറ്റഡിനുവേണ്ടി

K2607-597176

കനറാ ബാങ്ക് केनरा बैंक Canara Bank

കനറാ ബാങ്ക്, എ. ആർ. എം. ശാഖ, 2-ാം നില, കനറാ ബാങ്ക് ബിൽഡിംഗ്, ചിറ്റൂർ റോഡ്, എറണാകുളം സൗത്ത്, എറണാകുളം - 682016, Ph: 0484-2353072, 2353071, Email: cb2875@canarabank.com

വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 റൂൾ 8(6) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ - ലേല വിൽപന നോട്ടീസ്.

കനറാ ബാങ്ക്, എ.ആർ.എം.ശാഖയ്ക്ക് താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള രൂപയ്ക്കും പലിശയ്ക്കും മറ്റ് ചിലവുകൾക്കും വേണ്ടി ബാങ്കിൽ പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **കനറാ ബാങ്കിന്റെ** അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പ്രതീകാത്മകമായി / ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കളുടെ നിലവിലുള്ള സ്ഥിതിയിൽ അതായത് **"എവിടെയാണോ" "എങ്ങനെയാണോ" "എതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിച്ചുകൊള്ളുന്നു.

നം. 1 വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: **M/s D4 ഡിജിറ്റൽ ലൈഫ് സ്റ്റൈൽ പ്രൈവറ്റ് ലിമിറ്റഡ്** പ്രതിനിധാനം ചെയ്യുന്ന മാനേജിംഗ് ഡയറക്ടർ ശ്രീ.ദിലീപ് രാജ് & ഡയറക്ടേഴ്സ് **മിസ്. എം. യു. നൈന ജ്യോതി & മിസ്. മീനാക്ഷി കെ. ജി** & ജാമ്യക്കാർ: **ശ്രീ. അറുമുഖൻ പി.വി, മിസ്. ഷീല അറുമുഖൻ**

15.06.2026 ലെ **കുടിശ്ശിക തുക: രൂപ 58,65,774.03 (അൻപത്തിയെട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി എഴുന്നൂറ്റി എഴുപത്തിനാല് രൂപ മൂന്ന് പൈസ)** യും പലിശയും മറ്റ് ലീഗൽ ചിലവുകളും

സ്ഥാവര വസ്തുവിന്റെ വിശദവിവരണം: അയ്യന്തോൾ സബ് രജിസ്ട്രാർ ഓഫീസിലെ 5264/1998 & 5265/1998-ാം നമ്പർ വില ആധാര പ്രകാരം തൃശ്ശൂർ ജില്ലയിൽ, തൃശ്ശൂർ താലൂക്കിൽ, കണിമംഗലം വില്ലേജിൽ, ശ്രീ. അറുമുഖൻ & ശ്രീമതി.ഷീല അറുമുഖൻ എന്നിവരുടെ പേരിലുള്ള സർവേ നം. 69/1-11 ൽ പെട്ട 3.92 ആർ, സർവേ നം. 69/5/6 ൽ പെട്ട 0.12 ആർ & സർവേ നം. 69/1-10 ൽ പെട്ട 3.96 ആർ ആകെ 8.00 ആർ (19.76 സെന്റ്) സ്ഥലവും താമസയോഗ്യമായ കെട്ടിടവും മറ്റു സകലവിധ കുഴുക്കൂർ ചമയങ്ങളും. **അതിരുകൾ (സർവേ നം.69/1-11 & 69/5-6 ൽ പെട്ട 3.92 ആർ & 0.12 ആർ) : കിഴക്ക്:** പൊള്ളഞ്ചേരി അറുമുഖൻ വക വസ്തു; **വടക്ക്:** കോർപ്പറേഷൻ റോഡ്; **പടിഞ്ഞാറ്:** കോർപ്പറേഷൻ റോഡ് & ജോസഫ് വക വസ്തു; **തെക്ക്:** കൂട്ടാല വിനോദ് വക വസ്തു. **അതിരുകൾ (സർവേ നം.69/1-11 & 69/1-10 ൽ പെട്ട 3.96 ആർ) : കിഴക്ക്:** മൺ റോഡ് & കല്ലഴി ജയപ്രകാശ് വക വസ്തു; **വടക്ക്:** കോർപ്പറേഷൻ റോഡ്; **പടിഞ്ഞാറ്:** ഷീല, W/o പൊള്ളച്ചേരി അറുമുഖൻ വക വസ്തു ; **തെക്ക്:** കല്ലാഴി ജയപ്രകാശ് & കൂട്ടാല വിനോദ് വക വസ്തു.

തറവില: രൂപ 92,00,000/- (തൊണ്ണൂറ്റി രണ്ട് ലക്ഷം രൂപ)	നിരതദ്രവ്യം: രൂപ 9,20,000/- (ഒൻപത് ലക്ഷത്തി ഇരുപതിനായിരം രൂപ)

നം. 2 വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: **M/s ഗ്രീൻ ബയോടെക്**

31/05/2026 ലെ **കുടിശ്ശിക തുക: രൂപ 50,03,408.56 (അൻപത് ലക്ഷത്തി മൂവായിരത്തി നാന്നൂറ്റിയെട്ട് രൂപ അൻപത്തിയാറ് പൈസ)** യും പലിശയും മറ്റ് ലീഗൽ ചിലവുകളും

സ്ഥാവര വസ്തുവിന്റെ വിശദവിവരണം: ഇരിങ്ങാലക്കുട സബ് രജിസ്ട്രാർ ഓഫീസിലെ 1925/2011-ാം നമ്പർ രജിസ്ട്രേഡ് ആധാര പ്രകാരം തൃശ്ശൂർ ജില്ലയിൽ, മുകുന്ദപുരം താലൂക്കിൽ, പൊറത്തിശ്ശേരി വില്ലേജിൽ, ശ്രീ. മുരളി പി.ബി യുടെ പേരിലുള്ള സർവേ നം. 478/2 ൽ പെട്ട 4.39 ആർ (റവന്യൂ രേഖകൾ പ്രകാരം സർവേ നം. 478/2-8 ൽ പെട്ട 3.44 ആർസ് & സർവേ നം. 478/2-7 ൽ പെട്ട 0.95) സ്ഥലവും താമസയോഗ്യമായ കെട്ടിടവും മറ്റു സകലവിധ കുഴുക്കൂർ ചമയങ്ങളും. **അതിരുകൾ : വടക്ക്:** ഷീല വക വസ്തു; **തെക്ക്:** ബിനിൽ വക വസ്തു; **കിഴക്ക്:** സ്വകാര്യ വഴി; **പടിഞ്ഞാറ്:** സുരേഷ് വക വസ്തു.
തൃശ്ശൂർ ജില്ലയിൽ, മുകുന്ദപുരം താലൂക്കിൽ, പൊറത്തിശ്ശേരി വില്ലേജിൽ, സർവേ നം. 478/2 ൽ പെട്ട 0.26 ആർസിലെ വഴിക്കുള്ള പകുതി അവകാശങ്ങളും മറ്റു സകലവിധ കുഴുക്കൂർ ചമയങ്ങളും. **അതിരുകൾ : വടക്ക്:** ഇടവഴി; **തെക്ക്:** ബിനിൽ വക വസ്തു; **കിഴക്ക്:** ഇടവഴി; **പടിഞ്ഞാറ്:** മുരളി & ഷീല വക വസ്തു.

തറവില: രൂപ 16,00,000/- (പതിനാറ് ലക്ഷം രൂപ)	നിരതദ്രവ്യം: രൂപ 1,60,000/- (ഒരു ലക്ഷത്തി അറുപതിനായിരം രൂപ)

(മുകളിൽ പറഞ്ഞ റിസർവ് തുകയേക്കാൾ ചുരുങ്ങിയത് ഒരു ഇൻക്രിമെന്റൽ ഓഫർ എങ്കിലുമുള്ള ബിഡ്ഡുകൾ മാത്രമേ സ്വീകരിക്കുകയുള്ളു)

ഇ - ലേല തീയതിയും സമയവും: 30-07-2026 സമയം: രാവിലെ 10.30 നും 11.30 നും ഇടയിൽ
(5 മിനിറ്റ് വീതം പരിധിയില്ലാത്ത എക്സ്റ്റൻഷൻ, വിൽപന അവസാനിക്കുന്നതു വരെ)

നിരതദ്രവ്യം അടയ്ക്കേണ്ട അവസാന തീയതി: 29-07-2026ന് വൈകിട്ട് 05 മണിക്കോ അതിന് മുമ്പോ

വിൽപനയെക്കുറിച്ചുള്ള വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും കനറാ ബാങ്കിന്റെ (www.canarabank.com) എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള "ഇ - ഓക്ഷൻ" ലിങ്കിൽ ദയവായി സന്ദർശിക്കുകയോ അല്ലെങ്കിൽ ബാങ്കിന്റെ പ്രവൃത്തി സമയങ്ങളിൽ കനറാ ബാങ്ക്, എറണാകുളം എ. ആർ. എം. ശാഖയുമായോ ബന്ധപ്പെടേണ്ടതാണ്. ഇ - മെയിൽ: cb2875@canarabank.com, ഫോൺ: 0484 2353071, 2353072.

സ്ഥലം : എറണാകുളം
തീയതി: 07.07.2026, 09.07.2026

ഇ - ഓക്ഷൻ പോർട്ടൽ: https://baanknet.com

(ഒപ്പ്) അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ, കനറാ ബാങ്ക്

E2607-597256

पंजाब नैशनल बैंक punjab national bank ...the name you can BANK upon!

എ. ആർ. എം. ബി, എറണാകുളം, 1-ാം നില, 40/1461, മാർക്കറ്റ് റോഡ്, എറണാകുളം - 682011, Ph: 0484-2350477, Email: cs4459@pnb.bank.in

സ്ഥാവര വസ്തുക്കളുടെ വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ - ലേലവിൽപന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "എതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെയും വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ലേല തീയതിയും സമയവും: 04.08.2026 ന് രാവിലെ 11.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ

ക്രമ നം.	ശാഖയുടെ പേര്/ അക്കൗണ്ടിന്റെ പേര് / വായ്പക്കാർ/ജാമ്യക്കാർ/ പണയക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക, സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, ഡി) കൈവശമെടുത്ത രീതി, പ്രതീകാത്മകമായി/ പ്രത്യക്ഷമായി/ക്രിയാത്മകമായി.	(എ) കരുതൽ വില (ബി) നിരതദ്രവ്യം: (സി) ലേല വർദ്ധന തുക:	സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ
1	**PNB, ARMB, എറണാകുളം** **ശ്രീ. എ.പി വിജയൻ** S/o നാരായണൻ കുട്ടി മേനോൻ & **സരിത വിജയൻ,** W/o ശ്രീ. എ.പി വിജയൻ, ഇരുവരും താമസം : മിൽ ഹൗസ്, ചുണ്ണാമ്പുതറ, വടക്കന്തറ, പാലക്കാട് - 678012	പാലക്കാട് ജില്ലയിൽ, പാലക്കാട് താലൂക്കിൽ, പാലക്കാട് I വില്ലേജിൽ, വടക്കന്തറ അംശം & ദേശത്ത് സർവ്വേ നം.1466 part ൽ പെട്ട ശ്രീ.എ.പി.വിജയൻ പേരിലുള്ള 13.30 സെന്റ് സ്ഥലവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്:** എ.പി ഉണ്ണികൃഷ്ണൻ വക വീടും സ്ഥലവും, **തെക്ക്:** എ.പി. വിനോദ് വക വസ്തു, **കിഴക്ക്:** 4.5 മീറ്റർ വീതിയുള്ള സ്വകാര്യ പാസ്സേജ്; **പടിഞ്ഞാറ്:** കന്തസ്വാമി ചെട്ടിയാർ & കെ.വി നാഥ് വക വീടും സ്ഥലവും	(എ) 13(2) - 23.08.2016 (ബി) 30.06.2026 ലെ രൂപ 58,89,848.50 (അൻപത്തിയെട്ട് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി എണ്ണൂറ്റി നാൽപ്പത്തി എട്ട് രൂപ അൻപത് പൈസ) യും 01.07.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശ നോട്ടീസ് തീയതി: 18.02.2017 (ഡി) ക്രിയാത്മക കൈവശം	(എ) രൂപ 69,00,000/- (ബി) രൂപ 6,90,000/- (സി) രൂപ 10,000/-	EPF ന് 24.10.2018 ലെ രൂപ 9,72,641/-യുടെ അറ്റാച്ച്മെന്റ് ഉണ്ട്.
2	**PNB, ARMB, എറണാകുളം** **M/s C U V V ഓട്ടോമോട്ടീവ്സ് പ്രൈവറ്റ് ലിമിറ്റഡ്,** 8/153(14), ചുണ്ണാമ്പുതറ, വടക്കന്തറ, പാലക്കാട്-678012. **ശ്രീ. എ.പി. വിജയൻ,** S/o പരേതനായ പി.പി. നാരായണൻകുട്ടി മേനോൻ (മാനേജിംഗ് ഡയറക്ടർ, M/s C U V V ഓട്ടോമോട്ടീവ്സ് പ്രൈവറ്റ് ലിമിറ്റഡ്), **ശ്രീ. എ.പി. ഉണ്ണികൃഷ്ണൻ,** S/o പരേതനായ പി.പി. നാരായണൻ കുട്ടി മേനോൻ (ഡയറക്ടർ- M/s C U V V ഓട്ടോമോട്ടീവ്സ് പ്രൈവറ്റ് ലിമിറ്റഡ്), **ശ്രീ. എ.പി. വിനോദ്,** S/o പരേതനായ പി.പി. നാരായണൻകുട്ടി മേനോൻ (ഡയറക്ടർ- M/s C U V V ഓട്ടോമോട്ടീവ്സ് പ്രൈവറ്റ് ലിമിറ്റഡ്), എല്ലാവരും താമസം: മിൽ ഹൗസ്, ചുണ്ണാമ്പുതറ, വടക്കന്തറ, പാലക്കാട്- 678012., പരേതയായ **ശ്രീമതി എ പി ജയലക്ഷ്മി അമ്മ** പ്രതിനിധീകരിച്ച് നിയമപരമായ അവകാശികളായ ശ്രീ, എ പി വിജയൻ, ശ്രീ. എ പി ഉണ്ണികൃഷ്ണൻ, ശ്രീ. എ പി വിനോദ്.	**വസ്തു നം.1:** പാലക്കാട് ജില്ല, പാലക്കാട് താലൂക്കിൽ, പാലക്കാട്- 1 വില്ലേജിൽ, വടക്കന്തറ അംശത്തിൽ വടക്കന്തറ ദേശത്തിൽ, സർവ്വേ നം. 1466part-ൽ പെട്ട M/s C U V V ഓട്ടോമോട്ടീവ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള **46.70 സെന്റ്** സ്ഥലവും കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്:** സ്വകാര്യ റോഡ് (1964 ലെ ആധാരത്തിലെ ഡി പട്ടിക); **തെക്ക്:** ലെവക്കോട്- പാലക്കാട് മെയിൻ റോഡ്; **കിഴക്ക്:** മൊയ്തീൻ ടിമ്പർ ഡിപ്പോ & എ.പി.ഉണ്ണികൃഷ്ണൻ, എ.പി.വിജയൻ & എ.പി.വിനോദ് എന്നിവർ വക വീടും പറമ്പും; **പടിഞ്ഞാറ്:** എ.പി. ജയലക്ഷ്മി അമ്മ വക വസ്തു. **വസ്തു നം. 2:** 1444/2008-ാം നമ്പർ ആധാരപ്രകാരം പാലക്കാട് ജില്ലയിൽ, പാലക്കാട് താലൂക്കിൽ, പാലക്കാട്- 1 വില്ലേജിൽ, വടക്കന്തറ അംശത്തിൽ വടക്കന്തറ ദേശത്തിൽ, സർവ്വേ നം.1446 part-ൽ പെട്ട ശ്രീ. എ.പി. വിജയൻ, ശ്രീ. എ.പി. ഉണ്ണികൃഷ്ണൻ & ശ്രീ. എ.പി. വിനോദ് (പരേതയായ ശ്രീമതി.എ.പി. ജയലക്ഷ്മി അമ്മയുടെ നിയമാനുസൃത അവകാശികൾ) എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ വിഭജിക്കാത്ത 200 ചതുരശ്ര അടി വിസ്തീർണമുള്ളത് ഒഴിച്ച് **33.50 സെന്റ്** സ്ഥലവും കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** CUVV ഓട്ടോമോട്ടീവ് വക വസ്തു; **തെക്ക്:** PWD റോഡ് (1964 ആധാരത്തിലെ ഡി പട്ടിക); **പടിഞ്ഞാറ്:** കാർത്യായനി അമ്മ വക വസ്തു; **വടക്ക്:** സ്വകാര്യ റോഡ്. (വിലയാധാരപ്രകാരം, 38 സെന്റ്, അതിൽ നിന്ന് 4.50 സെന്റ് വഴിയ്ക്ക് വേണ്ടിയുള്ളതാണ്, ബാക്കിയുള്ളത് 33.50 സെന്റ്. അതിൽ നിന്ന് ഏകദേശം 191.20 ചതുരശ്ര മീറ്റർ കടമുറികൾ വിറ്റുതീർന്നു, ഏകദേശം 1 സെന്റ് കൂടി അതിൽ നിന്ന് കുറയ്ക്കുന്നു. ബാക്കി 32.50 സെന്റ്. G.F (191.20 ചതുരശ്ര മീറ്റർ)ൽ 5 കടമുറികൾ വിറ്റുതീർന്നു, ബാക്കി 124.49 ചതുരശ്ര മീറ്റർ) **വസ്തു നം.3:** പാലക്കാട് ജില്ലയിൽ, പാലക്കാട് താലൂക്കിൽ, പാലക്കാട്- 1 വില്ലേജിൽ, വടക്കന്തറ അംശത്തിൽ വടക്കന്തറ ദേശത്തിൽ, സർവ്വേ നം.1466 part-ൽ പെട്ട ശ്രീ. എ.പി. വിജയൻ, ശ്രീ. എ.പി. ഉണ്ണികൃഷ്ണൻ & ശ്രീ. എ.പി. വിനോദ് (പരേതയായ ശ്രീമതി.എ.പി. ജയലക്ഷ്മി അമ്മയുടെ നിയമാനുസൃത അവകാശികൾ) എന്നിവരുടെ ഉടമസ്ഥതയിലുള്ള **45.50 സെന്റ്** സ്ഥലവും കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** പാങ്ങോടൻ വൈദ്യൻ വക വസ്തുക്കൾ; **തെക്ക്:** സ്വകാര്യ റോഡ് (1964 ആധാരത്തിലെ ഡി പട്ടിക); **പടിഞ്ഞാറ്:** ഡ്രെയിനേജ്; **വടക്ക്:** തോട്.	(എ).13(2) 25.07.2015 (ബി). 30.06.2026 ലെ രൂപ 24,24,91,178.24 (ഇരുപത്തിനാല് കോടി ഇരുപത്തി നാല് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി ഒരുന്നൂറ്റി എഴുപത്തി എട്ട് രൂപ ഇരുപത്തി നാല് പൈസ)യും 01.07.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി). കൈവശമെടുത്ത തീയതി - 30.10.2015 (ഡി). ക്രിയാത്മക കൈവശം	വസ്തു നം.1: (എ) രൂപ 3,07,00,000/- (ബി) രൂപ 30,70,000/- (സി) രൂപ 1,00,000/- വസ്തു നം.2: (എ) രൂപ 2,39,00,000/- (ബി) രൂപ 23,90,000/- (സി) രൂപ 1,00,000/- വസ്തു നം.3: (എ) രൂപ 2,40,00,000/- (ബി) രൂപ 24,00,000/- (സി) രൂപ 1,00,000/-	വസ്തു നം.1:, EPFO, റീജിയണൽ ഓഫീസ്, എരഞ്ഞിപ്പാലത്തിന്റെ 9,72,641 രൂപയുടെ ഒരു അറ്റാച്ച്മെന്റ് ഉണ്ട്. വസ്തു നം. 2 & 3. അംഗീകൃത ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യത ഇല്ല ലേലാർത്ഥികൾ ജാഗ്രത പാലിക്കാൻ അഭ്യർത്ഥിക്കുന്നു. Property 1: Property 2: Property 3:

ഇ - ലേല തീയതിയും സമയവും: 04-08-2026 ന് രാവിലെ 11.00 മണി മുതൽ വൈകിട്ട് 5.00 മണി വരെ

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: 03-08-2026	വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി 01-08-2026 ന്

വ്യവസ്ഥകളും നിബന്ധനകളും: (1). വിൽപന, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. **(2).** വസ്തുക്കൾ **"എവിടെയാണോ" "എങ്ങിനെയാണോ" "എതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും വിൽപന. **(3).** അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം പട്ടികയിൽ പറഞ്ഞിട്ടുള്ള ഈട് വസ്തുക്കളുടെ പൂർണ്ണവിവരം നൽകിയിട്ടുള്ളതാണ്. എന്നാൽ വസ്തുവിലുള്ള പിശക്, തെറ്റായ പ്രസ്ഥാവന അല്ലെങ്കിൽ ഒഴിവാക്കൽ വല്ലതും ഉണ്ടെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല. **(4).** അധികാരപ്പെട്ട ഉദ്യോഗസ്ഥന് സ്വീകരിക്കാൻ പറ്റാത്ത ബിഡ്ഡുകൾ സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം നീട്ടി വെയ്ക്കുന്നതിനോ /റദ്ദു ചെയ്യുന്നതിനോ /മാറ്റി വെയ്ക്കുന്നതിനോ വിൽപനയുടെ വ്യവസ്ഥകളിലും നിബന്ധനകളിലും മാറ്റം വരുത്തുന്നതിനും മുൻകൂട്ടിയുള്ള അറിയിപ്പോ കാരണമോ ഒന്നും കൂടാതെ തന്നെ എപ്പോൾ വേണമെങ്കിലും അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ട്. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും. **(5).** കരുതൽ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വസ്തു വിൽക്കുന്നതല്ല. **(6).** ലേല വിൽപന **https://Baanknet.com** എന്ന ഇ-ലേല പ്ലാറ്റ്ഫോം മുഖാന്തിരം **04.08.2026ന് രാവിലെ 11.00 മണി മുതൽ വൈകിട്ട് 05.00 മണി വരെയായിരിക്കും. (7).** ലേല വിൽപനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https://Baanknet.com & www.pnb.bank.in** എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 07-07-2026
സ്ഥലം: എറണാകുളം

(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, എ.ആർ.എം.ബി., എറണാകുളം

E2607-597248

വിൽപന നോട്ടീസ്

बैंक ऑफ़ इंडिया Bank of India BOI

ബാങ്ക് ഓഫ് ഇന്ത്യ, സോണൽ ഓഫീസ്: എറണാകുളം സോൺ, കലൂർ ടവേഴ്സ്, കലൂർ - കടവന്ത്ര റോഡ്, കൊച്ചി - 682 017, Ph: 0484-2725723/729/730, Email: Ard.Ernakulam@bankofindia.bank.in

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 8(6) & 9 പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ - ലേല വിൽപന നോട്ടീസ്.

ബാങ്കിൽ പണയപ്പെടുത്തിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ ബാങ്ക് ഓഫ് ഇന്ത്യയുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ യഥാർത്ഥമായി/പ്രതീകാത്മകമായി കൈവശമെടുത്തിട്ടുള്ളതാണെന്ന് വായ്പക്കാരെ/ജാമ്യക്കാരെ /പൊതുജനങ്ങളെ പൊതുവായും അറിയിച്ചു കൊള്ളുന്നു. താഴെ കൊടുത്തിരിക്കുന്ന വായ്പക്കാർ/ജാമ്യക്കാരിൽനിന്നും ബാങ്ക് ഓഫ് ഇന്ത്യക്ക് ലഭിക്കാനുള്ള കുടിശ്ശിക തുക വസൂലാക്കുന്നതിന് വേണ്ടി താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ **"ഇപ്പോൾ എവിടെയാണോ" "എങ്ങനെയാണോ" "എതൊക്കെയാണോ"** എന്നതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കരുതൽ വില, നിരതദ്രവ്യ തുക, വസ്തുക്കളുടെ വിശദ വിവരണം എന്നിവ താഴെ കൊടുക്കുന്നു.

1. ശാഖ: തൃശ്ശൂർ (നിലവിൽ അസറ്റ് റിക്കവറി ശാഖ, എറണാകുളത്തേക്ക് മാറ്റിയത്): വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: 1. ശ്രീ. ദിൽദർ പാറാട്ട് വീട്ടിൽ, പാറാട്ട് വീട്ടിൽ ഹൗസ്, ബ്ലാങ്ങാട് പി.ഒ., കടപ്പുറം,തൃശ്ശൂർ - 680506, **2. ശ്രീമതി. ഹസീന** W/o.ദിൽദർ പാറാട്ട് വീട്ടിൽ, പാറാട്ട് വീട്ടിൽ ഹൗസ്, ബ്ലാങ്ങാട് പി.ഒ., കടപ്പുറം, തൃശ്ശൂർ - 680506, കരാർ പ്രകാരമുള്ള കുടിശ്ശിക: **ഭവന വായ്പാ അക്കൗണ്ടിലെ (855075110000281) രൂപ 4,21,21,644.79 (നാല് കോടി ഇരുപത്തി ഒന്ന് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി അറുന്നൂറ്റി നാൽപ്പത്തി നാല് രൂപ എഴുപത്തി ഒൻപത് പൈസ)**യും (08.07.2026 വരെ കരാർ പ്രകാരമുള്ള തുക) 09.07.2026 മുതൽ 7.65% p.a പ്രതിമാസ പലിശയും മറ്റു ചെലവുകളും.

സ്ഥാവര വസ്തുവിന്റെ വിവരണം: തൃശ്ശൂർ ജില്ലയിൽ, ചാവക്കാട് താലൂക്കിൽ, എങ്ങണ്ടിയൂർ വില്ലേജിൽ, സർവേ നം. 74/1-2 ൽ പെട്ട ശ്രീ.ദിൽദർ പാറാട്ട് വീട്ടിൽ എന്നയാളുടെ പേരിലുള്ള 20.23 ആർസ് വസ്തുവും അതിലിരിപ്പ് കെട്ടിടവും അതിലുള്ള സർവ്വവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ: വടക്ക്:** കൂട്ടിങ്ങൽ കമറുദ്ദീൻ വക വസ്തു; **കിഴക്ക്:** പണിക്കവീട്ടിൽ തിരുനെല്ലി സെയ്ദ് മുഹമ്മദ് വക വസ്തു; **തെക്ക്:** പണിക്കവീട്ടിൽ തിരുനെല്ലി സെയ്ദ് മുഹമ്മദ് വക വസ്തു; **പടിഞ്ഞാറ്:** വഴി.

കരുതൽ വില: രൂപ 2,08,00,000/-	നിരതദ്രവ്യം: രൂപ 20,80,000/-	ലേല വർദ്ധന തുക: രൂപ 1,00,000/-

2. ശാഖ: കണ്ടശ്ശാൻകടവ്: വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: 1. ശ്രീ. മുരളി. വി. കെ S/o.കൊച്ചുമോൻ, **2. ശ്രീമതി. പ്രിയ മുരളി** W/o.ശ്രീ.മുരളി.വി.കെ, ഇരുവരും താമസം : വടശ്ശേരി ഹൗസ്, കണ്ടശ്ശാൻകടവ് പി.ഒ., തൃശ്ശൂർ - 680613 കരാർ പ്രകാരമുള്ള കുടിശ്ശിക: **ഭവന വായ്പാ അക്കൗണ്ടിലെ (855275110000084) രൂപ 14,27,668.55 (പതിനാല് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി അറുന്നൂറ്റി അറുപത്തി എട്ട് രൂപ അൻപത്തി അഞ്ച് പൈസ)** (08.07.2026 വരെ കരാർ പ്രകാരമുള്ള തുക) യും 09.07.2026 മുതൽ 8.95% p.a പ്രതിമാസ പലിശയും മറ്റു ചെലവുകളും.

സ്ഥാവര വസ്തുവിന്റെ വിവരണം: തൃശ്ശൂർ ജില്ലയിൽ, തൃശ്ശൂർ താലൂക്കിൽ, പടിയം വില്ലേജിൽ, സർവേ നം.707/4 ൽ പെട്ട ശ്രീമതി.പ്രിയ മുരളി W/o.മുരളി.വി.കെ പേരിലുള്ള 3.13 സെന്റ് സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും സർവ്വവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ: കിഴക്ക്:** കറുകപറമ്പിൽ രാജഗോപാലൻ വക വസ്തു, **പടിഞ്ഞാറ്:** കളപുരക്കൽ ഗോപാലൻ വക വസ്തു; **വടക്ക്:** തോട്; **തെക്ക്:** പി.ഡബ്ല്യൂ.ഡി റോഡ്.

കരുതൽ വില: രൂപ 16,13,000/-	നിരതദ്രവ്യം: രൂപ 1,61,300/-	ലേല വർദ്ധന തുക: രൂപ 50,000/-

3. ശാഖ: തൃശ്ശൂർ (നിലവിൽ അസറ്റ് റിക്കവറി ശാഖ എറണാകുളത്തേക്ക് മാറ്റിയത്), വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: ശ്രീ. നൗഷാദ്. എൻ. എ S/o.ശ്രീ.അബ്ദുൾ റഹ്മാൻ, ജാമ്യക്കാരി: **ശ്രീമതി. ഹഫ്സത്ത് നൗഷാദ്** W/o.ശ്രീ.നൗഷാദ്.എൻ.എ, ഇരുവരും താമസം : നരിയാംപുള്ളി, അയ്നൂർ, പഴഞ്ഞി പി.ഒ., തൃശ്ശൂർ - 680542,ഇരുവരുടെയും മറ്റൊരു വിലാസം : മരട്ടിക്കൽ ഹൗസ്, തൈക്കാട് വില്ലേജ് & പി.ഒ., ചാവക്കാട് താലൂക്ക്, തൃശ്ശൂർ - 680104.കരാർ പ്രകാരമുള്ള കുടിശ്ശിക: **ഭവന വായ്പ അക്കൗണ്ടിലെ (855075110000227):** രൂപ 1,31,48,425.39 (08.07.2026 വരെ കരാർ പ്രകാരമുള്ള തുക)യും 09.07.2026 മുതൽ 9.10% p.a പ്രതിമാസ പലിശയും മറ്റു ചെലവുകളും, **പേഴ്സണൽ വായ്പ അക്കൗണ്ടിലെ (855060110000049):** രൂപ 3,18,789.62 (08.07.2026 വരെ കരാർ പ്രകാരമുള്ള തുക)യും 09.07.2026 മുതൽ 8% p.a പ്രതിമാസ പലിശയും മറ്റു ചെലവുകളും. ആകെ **രൂപ 1,34,67,215.01 (ഒരു കോടി മുപ്പത്തി നാല് ലക്ഷത്തി അറുപത്തി ഏഴായിരത്തി ഇരുന്നൂറ്റി പതിനഞ്ച് രൂപ ഒരു പൈസ)** (08.07.2026 വരെ കരാർ പ്രകാരമുള്ള തുക)യും മുകളിൽ പറഞ്ഞ പലിശയും മറ്റു ചെലവുകളും.

സ്ഥാവര വസ്തുവിന്റെ വിവരണം: തൃശ്ശൂർ ജില്ലയിൽ, ചാവക്കാട് താലൂക്കിൽ, തൈക്കാട് വില്ലേജിൽ, ശ്രീ.നൗഷാദ്.എൻ.എ S/o. ശ്രീ. അബ്ദുൾ റഹ്മാൻ പേരിലുള്ള റീ സർവേ നം.69/8 ൽ പെട്ട 8.70 ആർസ് (21.50 സെന്റ്) സ്ഥലവും കെട്ടിടവും അതിലുള്ള സർവ്വവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ: വടക്ക്:** ഫ്രാൻസിസ് വക വസ്തു; **കിഴക്ക്:** റോഡ്, **തെക്ക്:** മോഹനൻ വക വസ്തു; **പടിഞ്ഞാറ്:** വിൻസെന്റ് & ചെറുണ്ണി വക വസ്തു.

കരുതൽ വില: രൂപ 94,00,000/-	നിരതദ്രവ്യം: രൂപ 9,40,000/-	ലേല വർദ്ധന തുക: രൂപ 50,000/-

4. ശാഖ: തൃശ്ശൂർ (നിലവിൽ അസറ്റ് റിക്കവറി ശാഖ എറണാകുളത്തേക്ക് മാറ്റിയത്), വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: ശ്രീ. ഫ്രാൻസിസ്. എം. വി യുടെ അക്കൗണ്ട് : വായ്പക്കാർ : **1. ശ്രീ. ഫ്രാൻസിസ്. എം. വി** S/o.വാറുണ്ണി, **2. ശ്രീമതി. റോസ്മേരി ഫ്രാൻസിസ്** (ഹോം ലോണിന്റെ സഹ വായ്പക്കാരി) W/o.ശ്രീ.ഫ്രാൻസിസ്.എം.വി, ജാമ്യക്കാരി : **ശ്രീമതി. റോസ്മേരി ഫ്രാൻസിസ്** (KCC- I ന്റെ ജാമ്യക്കാരി) W/o.ശ്രീ.ഫ്രാൻസിസ്.എം.വി, എല്ലാവരുടെയും വിലാസം: മുരിങ്ങത്തേരി ഹൗസ്, എരുമപ്പെട്ടി പി.ഒ., കരിയന്നൂർ, എരുമപ്പെട്ടി, തൃശ്ശൂർ - 680584, **ശ്രീമതി. റോസ്മേരി ഫ്രാൻസിസ് ന്റെ അക്കൗണ്ട്** : വായ്പക്കാരി : **ശ്രീമതി. റോസ്മേരി ഫ്രാൻസിസ്** W/o.ശ്രീ. ഫ്രാൻസിസ്.എം.വി, ജാമ്യക്കാരൻ: **ശ്രീ. ഫ്രാൻസിസ്. എം. വി** S/o.വാറുണ്ണി, ഇരുവരും താമസം: മുരിങ്ങത്തേരി ഹൗസ്, എരുമപ്പെട്ടി പി.ഒ., കരിയന്നൂർ, എരുമപ്പെട്ടി, തൃശ്ശൂർ - 680584. കരാർ പ്രകാരമുള്ള കുടിശ്ശിക: **ഭവന വായ്പ അക്കൗണ്ടിലെ (855075110000200)** രൂപ 1,95,07,247.60 യും (08.07.2026 വരെ കരാർ പ്രകാരമുള്ള തുക) 09.07.2026 മുതൽ 9.05% p.a പ്രതിമാസ പലിശയും മറ്റു ചെലവുകളും. **KCC-I ലെ (855032110001259)** രൂപ 1,87,149.41 യും (08.07.2026 വരെ കരാർ പ്രകാരമുള്ള തുക) 09.07.2026 മുതൽ 7% p.a പ്രതിമാസ പലിശയും മറ്റു ചെലവുകളും. **KCC-II ലെ (855032110001281)** രൂപ 4,76,127.32 യും (08.07.2026 വരെ കരാർ പ്രകാരമുള്ള തുക) 09.07.2026 മുതൽ 10.30% p.a പ്രതിമാസ പലിശയും മറ്റു ചെലവുകളും, **ആകെ രൂപ 2,01,70,524.33 (രണ്ട് കോടി ഒരു ലക്ഷത്തി എഴുപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തി നാല് രൂപ മുപ്പത്തി മൂന്ന് പൈസ)** യും (08.07.2026 വരെ കരാർ പ്രകാരമുള്ള തുക) മുകളിൽ പറഞ്ഞിരിക്കുന്ന പലിശയും മറ്റു ചെലവുകളും.

സ്ഥാവര വസ്തുവിന്റെ വിവരണം: തൃശ്ശൂർ ജില്ല, എരുമപ്പെട്ടി, തലപ്പിള്ളി താലൂക്ക്, നെല്ലുവായ് വില്ലേജിൽ, ശ്രീ.ഫ്രാൻസിസ്.എം.വി പേരിലുള്ള സർവേ നം.599/4 & 599/1 ൽ പെട്ട 30.99 സെന്റ് സ്ഥലവും താമസയോഗ്യമായ കെട്ടിടവും മുഴുവൻ ചമയങ്ങളും സർവ്വവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ: വടക്ക്:** കോൺവെന്റ് വക വസ്തു; **കിഴക്ക്:** സക്കറിയ വക വസ്തു; **തെക്ക്:** PWD റോഡ്; **പടിഞ്ഞാറ്:** ജേക്കബ് വക വസ്തു.

കരുതൽ വില: രൂപ 2,41,00,000/-	നിരതദ്രവ്യം: രൂപ 24,10,000/-	ലേല വർദ്ധന തുക: രൂപ 1,00,000/-

5. ശാഖ: നന്തിക്കര, വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: (1). M/s കാട്ടൂക്കാരൻ എഞ്ചിനീയറിംഗ് വർക്ക്സ്, പ്രൊപ്രൈറ്റർ: ശ്രീ. ബാസ്റ്റ്യൻ ആന്റണി കെ, 16/657, കാട്ടൂക്കാരൻ എഞ്ചിനീയറിംഗ് വർക്ക്സ്, ശിവക്ഷേത്രത്തിന് സമീപം, നരയങ്ങാടി, കല്ലൂർ പി ഒ, തൃശ്ശൂർ - 680317, **(2). ശ്രീ. ബാസ്റ്റ്യൻ ആന്റണി കെ,** S/o. പരേതനായ ആന്റണി കാട്ടൂക്കാരൻ, കാട്ടൂക്കാരൻ ഹൗസ്, നരയങ്ങാടി, കല്ലൂർ പോസ്റ്റ്, തൃശ്ശൂർ - 680317. **കരാർ പ്രകാരമുള്ള കുടിശ്ശിക: ക്യാഷ് ക്രെഡിറ്റ് അക്കൗണ്ടിലെ (855430110000035)** രൂപ 30,52,652.49 യും (08.07.2026 വരെ കരാർ പ്രകാരമുള്ള തുക) 09.07.2026 മുതൽ 9.25% p.a പ്രതിമാസ പലിശയും മറ്റു ചെലവുകളും. **ടേം ലോൺ അക്കൗണ്ടിലെ (855470410000068)** രൂപ 3,24,822.91 യും (08.07.2026 വരെ കരാർ പ്രകാരമുള്ള തുക) 09.07.2026 മുതൽ 12.85% p.a പ്രതിമാസ പലിശയും മറ്റു ചെലവുകളും. ആകെ **രൂപ 33,77,475.40 (മുപ്പത്തിമൂന്ന് ലക്ഷത്തി എഴുപത്തി ഏഴായിരത്തി നാന്നൂറ്റി എഴുപത്തി അഞ്ച് രൂപ നാൽപ്പത് പൈസ)** യും (08.07.2026 വരെ കരാർ പ്രകാരമുള്ള തുക) മുകളിൽ പറഞ്ഞിട്ടുള്ള പലിശയും മറ്റു ചെലവുകളും.

സ്ഥാവര വസ്തുവിന്റെ വിവരണം: തൃശ്ശൂർ ജില്ലയിൽ, മുകുന്ദപുരം താലൂക്കിൽ, കല്ലൂർ വില്ലേജിൽ, കല്ലൂർ ദേശം, ശ്രീ. ബാസ്റ്റിൻ ആന്റണി കെ പേരിൽ സർവ്വേ നം. 290/1 ൽ പെട്ട 4.45 ആർസ് & 4.79 ആർസ് സ്ഥലവും അതിലിരിപ്പ് വാണിജ്യ കെട്ടിടവും മുഴുവൻ ചമയങ്ങളും സർവ്വവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ: വടക്ക്:** തുണിയമ്പ്രൽ മുജി വക വസ്തു; **തെക്ക്:** സ്വകാര്യ റോഡ്; **കിഴക്ക്:** പനന്തോടൻ മോഹനൻ & ഉണ്ണി വക വസ്തു; **പടിഞ്ഞാറ്:** കനാൽ ബണ്ട് റോഡ്.

കരുതൽ വില: രൂപ 65,35,000/-	നിരതദ്രവ്യം: രൂപ 6,53,500/-	ലേല വർദ്ധന തുക: രൂപ 50,000/-

ഇ - ലേല തീയതിയും സമയവും: 28.07.2026 രാവിലെ 11.00 മുതൽ വൈകുന്നേരം 5.00 വരെ
(വിൽപന അവസാനിക്കുന്നത് വരെ ലേലം തുടരുകയാണെങ്കിൽ 10 മിനിറ്റ് പരിധിയില്ലാതെ നീട്ടി നൽകും)

അംഗീകൃത ഉദ്യോഗസ്ഥന്റെ അറിവിലും ലഭ്യമായ വിവരത്തിലും, മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുവിന്മേൽ യാതൊരു ബാധ്യതയുമില്ല. എന്നിരുന്നാലും, ലേലാർത്ഥികൾ വസ്തുവിന്റെ ബാധ്യതകൾ, ഉടമസ്ഥാവകാശം എന്നിവയെക്കുറിച്ച് സ്വതന്ത്രമായി അന്വേഷിക്കുകയും അവ പരിശോധിച്ച് തൃപ്തിപ്പെടുകയും വേണം. ലേലം ഓൺലൈൻ ഇ- ലേല വിൽപന/ബിഡ്ഡിംഗ് വഴിയായിരിക്കും. കൂടാതെ https://baanknet.com എന്ന വെബ്സൈറ്റ് വഴി 'ഓൺലൈൻ ഇലക്ട്രോണിക് ബിഡ്ഡിംഗ്' പ്രക്രിയയിലൂടെ മാത്രമേ നടത്തൂ.
വിൽപനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും https://www.bankofindia.bank.in/tenders എന്ന ലിങ്ക് പരിശോധിക്കുക.

സ്ഥലം: എറണാകുളം,
തീയതി: 08.07.2026

ഒപ്, ചീഫ് മാനേജർ & അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ, ബാങ്ക് ഓഫ് ഇന്ത്യ

E2607-597179